# രണ്ടു സാരസവനിതകൾ.

എം. കെ. ഫാത്തിമ്മാ ബവി, പാനായിക്കുളം.



അന്നത്തെ അറേബ്യയെപ്പററി നമുക്കൊന്നു ചിന്തിക്കാം. അജ്ഞാനമാകുന്ന കൊട്ടംതമസ്സാൽ മൂടി, സകല അനാചാരങ്ങളുടേയും കേന്ദ്രസ്ഥാനമായി പരിലസച്ചിരുന്ന, അറേബ്യനിവാസികളായ കരാളഹൃദയന്മാരുടെ ജീവിതചര്യകൾ എത്ര നികൃഷ്ടവും, ഭയങ്കരവുമായിരുന്നു. വ്യഭിചാരം, മദ്യപാനം, ചൂതുകളി, നരബലി, ശിശുഹത്യ, പരസ്പരകലഹം മുതലായവകളാൽ വിലയേറിയ സമയം അവർ ദുരുപയോഗപ്പെടുത്തി വസിച്ചിരുന്നു. സ്ത്രീകളെയാണെങ്കിലോ? വെറും വളർത്തുമൃഗങ്ങളെക്കാൾ താഴ്ത്തി, അവരുടെ സകലവിധസ്വാതന്ത്ര്യങ്ങളേയും ഹനിച്ചു, അടിമത്വത്തിലാഴ്ത്തി, വെറും പാവകൾസമാനം പെരുമാറിയിരുന്നു. അങ്ങനെ ജനങ്ങൾ നട്ടം തിരിയുന്ന കാലത്താണ്, അന്ത്യപ്രവാചകനും, ഇസ്ലാംമതസ്ഥാപകനും, ലോകൈക വന്ദ്യനും ആയ മുഹമ്മദുമുസ്തഫാ (സ. അ.) അറേബ്യനഭോമണ്ഡലത്തിലെ വിജ്ഞാനഭാസ്കരനായുദിച്ചുയർന്നതു്. അജ്ഞാനാരണ്യങ്ങളെ വെട്ടിത്തെളിച്ചു,—വിജ്ഞാനപതാക നാട്ടി— സംസ്കാരസൗരഭ്യം പരത്തി— സഹോദരത്വത്തെ സ്ഥാപിച്ചു- സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം സകല സ്വാതന്ത്ര്യങ്ങളേയും നൽകി— ആ കർമ്മയോഗി എന്നെന്നേയ്ക്കുമായി അപ്രത്യക്ഷനാവുകയും ചെയ്തു.

അനന്തരം, ആത്യാഗിവര്യന്റെ പ്രഥമ ശിഷ്യപ്രവീരനായ അബൂബക്കർ (റ. അ) "ഖലീഫ" സ്ഥാനം സ്വീകരിച്ചു അറേബ്യരാജ്യം, നീതിന്യായങ്ങളെ മുൻനിറുത്തി ഭരിച്ചുതുടങ്ങി. അബ്സീനിയാ, സിറിയാ, റോം, മുതലായ രാജ്യങ്ങളിൽ ഇസ്ലാമിന്റെ മഹൽഗുണഗണങ്ങളെ പ്രസംഗരൂപത്തിലറിയിക്കുന്നതിന വാഗ്മികളായ അനേകം പണ്ഡിതശ്രേഷ്ഠന്മാരെ പറഞ്ഞയച്ചു. അതനാൽ യൂറോപ്പിലെ ഭൂരിഭാഗങ്ങളിലും ഇസ്ലാംമതം പ്രചാരപ്പെട്ടുതുടങ്ങി. മുസ്ലിമീങ്ങളുടെ അപാരവിജയത്തിൽ അസൂയാലുവായ റോമൻ ചക്രവത്തി ഹിറാക്ലീസിനാൽ ഒരു സേനാവിഭാഗത്തെ അറേബ്യരാജ്യം ആക്രമിക്കുന്നതിനയച്ചു. വിവരം ഗ്രഹിച്ച അബൂബക്കർ (റ. അ) തന്റെ പ്രധാനസേനാനായകന്മാരിൽ പ്രഥമഗണനീയനായ ഖാലിദിനെ കുറെ സൈന്യങ്ങളോടുകൂടി അവരെ തടയുവാൻ നിയോഗിച്ചു. ലോകവും, അതിന്റെ സ്ഥിതിഗതികളും, അതിൽ തങ്ങൾക്കുള്ള അധികാരങ്ങളും, അവകാശങ്ങളും, കടമകളും, എന്തെന്നറിയാതെ, കേവലം അടിമത്വത്തിൽ ആണ്ടുകിടന്നിരുന്ന, അറേബ്യൻ വനിതകൾ, അന്ത്യപ്രവാചകന്റെ കാരുണ്യത്താൽ സ്വതന്ത്രകളായി— ചാരിത്രവതികളായി— വിദ്യാസമ്പന്നകളായി— കായികാഭ്യാസിനികളായി— കർത്തവ്യനിരതകളായി— ധൈര്യവതികളായി, രൂപാന്തരപ്പെട്ടു. തങ്ങളുടെ രാജ്യത്തെ അന്യായമായി ആക്രമിക്കാൻ വന്ന റോമൻസൈന്യങ്ങളോടു മല്ലിടുവാൻ അറേബ്യൻ പട്ടാളമൊരുങ്ങിയപ്പോൾ, തങ്ങളുടെ സഹോദരന്മാരെ വേണ്ടിവന്നാൽ സഹായിക്കുന്നതിനും, മുറിവേൽക്കുന്നവരെ ശുശ്രൂഷിക്കുന്നതിനും, ആയി അവരെ അനുഗമിക്കുവാൻ, തങ്ങളേയും അനുവദിക്കണമെന്നു, ആ സാരസവനിതകൾ "ഖലീഫ' യോടു സാദരം അപേക്ഷിച്ചു. നബി (സ. അ) യുടെ ആദർശങ്ങളിൽ അണുവും, വ്യതിചലിക്കാതെ, ആ കാലടികളെത്തന്നെ പിന്തുടന്നുപോന്ന അബൂബക്കർ (റ. അ) ആ അംഗനാരത്നങ്ങളുടെ അപേക്ഷയെ സന്തോഷസമന്വിതം സ്വീകരിക്കുകയും, ഖൗലത്തു, ഉമയിബാൻ എന്ന രണ്ടു വീരവനിതകളുടെ നേതൃത്വത്തിൽ അറബിസൈന്യത്തെ അനുഗമിക്കാൻ അവരെ അനുവദിക്കുകയും ചെയ്തു. സേനാധിപകളായ സ്ത്രീകളിൽ ഖൗലത്തു വിവാഹിതയെങ്കിലും ചെറുപ്പവും, ഉമയിബാൻ അവിവാഹിതയായ ഒരു യുവതിയും ആയിരുന്നു.

അജ്നാദിൽവച്ചു ഇരുഭാഗക്കാരും തമ്മിൽ ഗംഭീരമായ യുദ്ധംനടന്നു. രണവിദഗ്ദ്ധരായ ഖാലിദിന്റെ സന്ദർഭോചിതമായ പ്രവൃത്തികളാൽ റോമൻ സൈന്യം നിശ്ശേഷം പരാജയപ്പെട്ടു. ആ യുദ്ധത്തിൽ പുരുഷന്മാരെപോലെ തങ്ങൾക്കും രാജ്യസേവനം ചെയ്യാൻ സാധിക്കുമെന്നു ഖൗലത്തും ഉമയിബാനും പ്രശസ്തമാംവണ്ണം ശത്രുക്കളോടു പോർചെയ്തു വെളിപ്പെടുത്തി.

വീരശ്രീലാളിതയായ ഉമയിബാന്റെ ചൊടിചൊടിപ്പും, ധൈര്യവും കണ്ടു് മുസ്ലീം ഉപസേനാനായകന്മാരിൽ കോമളനും, യുവാവുമായ ഇബ്ബാൻ, തന്റെ സുഖ ദുഃഖഭാഗിനിയായിസഹധർമ്മചാരിണിയായിരിക്കണമെന്നു, ഉമയിബാനോടപേക്ഷിച്ചു. നിർമ്മലസ്നേഹം വഴിഞ്ഞൊഴുകുന്ന ആ യുവാവിന്റെ അഭ്യർത്ഥനയെ ആ മഹിളാരത്നം സഹർഷം സ്വീകരിക്കുകയും, അവരുടെ വിവാഹം സർവ്വജനസമക്ഷം, അജ്നാദിൽവച്ചുതന്നെ മംഗളമായി കൊണ്ടാടുകയും, ചെയ്തു.

തോറേറാടിപ്പോയ ഭടന്മാർ വിവരങ്ങളെല്ലാം ഹിറാക്ലീസു ചക്രവത്തിയെ അറിയിക്കുകയും, ക്രൂദ്ധനായ അദ്ദേഹം തന്റെ ഒരു സാമന്തരാജാവും മകളുടെ ഭർത്താവുമായ തോമസിനെ മൂന്നുലക്ഷം പട്ടാളങ്ങളോടുകൂടി വീണ്ടും അറേബ്യയിലേക്കയക്കുകയും ചെയ്തു.

അവർ, യർമൂക്കിൽവന്നു പാളയമടിക്കുകയും ആ രാജ്യത്തെ ആക്രമിച്ചു അവിടെ വലിയ ഒരു കോട്ടപണിയിക്കുയുംചെയ്തു. അതറിഞ്ഞ അറേബ്യൻ സൈന്യം, ഖാലിദിന്റെ നേതൃത്വത്തിൽ അവിടെ ആഗതരായി യുദ്ധത്തിലേപ്പെട്ടു. തുടരെയുണ്ടായ രണ്ടുമൂന്നുദിവസത്തെ ഘോരസമരത്താൽ മുസ്ലീമിങ്ങൾക്കുപരാജയം വന്നുതുടങ്ങി. ഒരുദിവസം രാവിലെ അറബികൾ യുദ്ധത്തിലേപ്പെട്ടു. അവർ ശത്രുക്കളുടെ രണവൈദഗ്ദ്ധ്യത്താൽ കുഴങ്ങിത്തുടങ്ങി. ഉത്തരക്ഷണത്തിൽ, ദാമ്പത്യജീവിതത്തിലേപ്പെട്ടിട്ടു മൂന്നുദിവസമായ ഒരു യുവസേനാനായകൻ, അതേ! ഇബ്ബാൻ തന്റെ ഭാഗക്കാരുടെ അവശതകൾവീക്ഷിച്ചു സംഹാരരുദ്രനെപ്പോലെ പോർക്കളത്തിലേയ്ക്കു ചാടിയിറങ്ങി ശത്രുസംഹാരം ചെയ്തുതുടങ്ങി. ആ യോദ്ധാവിന്റെ കരവാൾ പ്രയോഗത്താൽ അസംഖ്യം ശത്രുക്കൾ കൊല്ലപ്പെട്ടു. ഇനിയും ആ സംഹാരമൂത്തിയെ യുദ്ധം

# അവിരാമ മാധുര്യം

കെ. പി. വാര്യസ്യാർ.

അരോടിപ്പാരം തളന്ന മെയ്യിൽ
സ്ഫുടരാഗം നിദ്രവന്നമ്മവച്ചു.
ഉലകിലെപ്പെരുദാഹം തീരെ മാഞ്ഞു;
മലർമണം ക്ഷീണിച്ചു പിന്തിരിഞ്ഞു;
കുളിർവാതം വന്നു തലോടിവാങ്ങി,
കിളിരവം കാതിലലച്ചടങ്ങി;-
വിഗതവിഷാദ മാരാത്രിയിൽ ഞാൻ,
ഗഗനത്തിൻ വിസ്‌തൃതശാന്തതയിൽ
ചിറകടിച്ചെങ്ങും പറന്നുചുററി-
ക്കറയററൊരാനന്ദമാസ്വദിക്കെ,
മലനാന്തരാഗത്തിൻ കണ്ണിയില്ലാ-
വലയിലോ ചെന്നു കുരുങ്ങിവീണ്ടും?

*  *  ∘  *  *

കളരാഗംചേരും പുതിയഗാനം
പുളകമെൻമേനിയിൽ കോരിയിട്ടു;
കതിരോന്മന്ദ പുതുമതതേടി—
ക്കരജാലം കൊണ്ടെന്നെത്താലോലിച്ചു;
അവശതയുറെറൻെറയിന്ദ്രിയങ്ങൾ
നവജീവചൈതന്യ മാന്നിരുന്നു.
വഴിതെററിച്ചെന്നു പതിച്ചപോലെ
മിഴിതുറന്നെങ്ങും തുറിച്ചുനോക്കി;
അതുപററി-വീടൊന്നു മാറിപ്പോയി
പുതുമയും-ഭീതിയു മേററമായി—
മുദലമെൻ പിഞ്ചുമെയ് നോക്കിനിന്നു
മുദിതരായ് മന്ദഹസിപ്പതാരോ?
പ്രിയമേറും മാതാവാം-താതനാവാം
പ്രിയതമയാകാ മിതാരറിഞ്ഞു!
ഇവരെല്ലാം പൂവ്വജർ, പൂജനീയർ
അവശതയില്ലതിലെങ്കിലും-ഹാ!
വിപുലം പ്രശാന്തമെൻ പൂവ്വഗേഹം
വിഭവവിഭൂഷിതം വിട്ടുപോയി!
ഇരുളിലീവിസ്‌മൃതി വന്നുചേന്നെ-
ന്നൊരുഖേദം മാത്രമേ തോന്നുന്നുള്ളു.
അതിലെത്രപൂക്കൾ വിരിഞ്ഞടിഞ്ഞു
ദ്യുതിയേറും താരകളെത്രമങ്ങി!
അതിനെന്തു്? വീട്ടിൽ തന്നെത്തും ഞാനെൻ
മതിയിലചരായ മറഞ്ഞുകാണും;
അവിടത്തെപ്പൂക്കളും പൂന്തണ്ണീരും
അവിരാമ മാധുര്യസംകലിതം!!

---

ചെയ്യാൻ അനുവദിച്ചാൽ താനും കൂട്ടരും പരുങ്ങലിൽ ആകുമെന്നു കോട്ടമുകളിൽ നിന്നു തോമസു മനസ്സിലാക്കി. ഉടനെ അദ്ദേഹം ഒരസ്ത്രമെടുത്തു വില്ലിൽ തൊടുത്തി, ആ യുവകേസരിയുടെ മാറിനെ ലക്ഷ്യമാക്കിവിട്ടു. കുറിപിഴയ്ക്കാതെ അതു മാറിൽ തറച്ച് ആ സാരസപുത്രൻ നിലം പതിച്ചു.

അന്നത്തെ സൂര്യൻ തൻെറതീക്ഷ്ണകിരണങ്ങളെ അംബരമദ്ധ്യത്തിൽ നിന്നു വിതറിയ യുദ്ധക്കളം മുഴുവൻ തപിപ്പിച്ചുകൊണ്ടിരുന്നു. തങ്ങളുടെ സേനാനായകൻ വീണയുടനെ ഭടന്മാരിൽ ചിലർ അദ്ദേഹത്തെയെടുത്തു കൂടാരത്തിൽ കൊണ്ടുപോയികിടത്തി. അതിൽ മുറിവേററു കിടന്നിരുന്നവരെ ശുശ്രൂഷിച്ചുകൊണ്ടിരുന്നവരിൽ, കാഴ്ചയിൽ നവവധുവാണെന്നുതോന്നുന്ന ഒരു യുവതി, അദ്ധപ്രാണനായികിടന്ന ആ യുവസേനാധിപനെ വീക്ഷിച്ചമാത്രയിൽ "ഹാ! പ്രാണനാഥാ!' എന്നുള്ള അഭിസംബോധനത്തോടുകൂടി ബോധരഹിതയായി നിലം പതിച്ചു. ഉത്തരക്ഷണത്തിൽ കൂട്ടുകാരികളിൽ ചിലർ ഇബ്ബാൻെറ മുറിവിൽ മരുന്നുവച്ചുകൊടുക്കുന്നതിനും ഉമയിബാനെശുശ്രൂഷിക്കുന്നതിനും തുടങ്ങി. അല്പസമയം കഴിഞ്ഞു ബോധം വീണ ഉമയിബാൻ ഭർതൃശിരസിനെ മടിയിൽ വച്ചുകൊണ്ടുവിലപിക്കാൻ തുടങ്ങി. "ഹാ! പ്രാണേശ്വര! ഭവാൻ കണ്ണുതുറന്നു ഈ ദുഃഖിതയുടെ വദനാരവിന്ദങ്ങളെ ഒന്നു വീക്ഷിക്കണെ!; ദാമ്പത്യശൃംഖലയാൽ നമ്മൾ ബന്ധിതരായിട്ടു, മൂന്നുദിവസമേ ആയുള്ളു എങ്കിലും, എന്നെ എതെല്ലാം വിധം അങ്ങുസന്തോഷിപ്പിച്ചു! ഹാ! ദുർവ്വിധേ! എൻെറ പ്രിയഭർത്താവിനെ ഒരു വിധത്തിലും ആനന്ദിപ്പിക്കാൻ ഈ പാപിക്കുസാധിച്ചില്ലല്ലോ!! ഞങ്ങളുടെ മംഗല്യവേളയിൽ ധരിച്ചവസ്ത്രാഭരണങ്ങൾ അതുപോലെതന്നെ ഇവളുടെ ദേഹത്തിൽ കിടക്കുന്നു; ഇനി ഞാൻ അതുകളെ എന്തിനണിയുന്നു? എൻെറ വേളീലതകളെ അലങ്കരിച്ച പുഷ്പസൗരഭ്യവും അവസാനിച്ചില്ല! തോഴികളൊത്തുകരപല്ലവങ്ങളിൽ തേച്ച മയിലാഞ്ചിയുടെ വർണ്ണവും മാഞ്ഞില്ല; ഹാ! ഹാ!! ഹൃദയവല്ലഭാ! എന്നോടു സന്തോഷമായി രണ്ടുവാക്കു് സംസാരിക്കാൻ ദയവുണ്ടാകണെ!; ഭഗവാൻെറ തപ്തചിത്തയായ കാന്തയുടെ പ്രലപനങ്ങൾ നാഥ; ഭവാൻെറ ശ്രവണേന്ദ്രിയങ്ങൾക്കു വിഷയീഭവിക്കുന്നില്ലേ?; ഞാൻ എൻെറ ഭാവജീവിതത്തെ എതെല്ലാം വിധത്തിൽ ഗണിച്ചു; നിനയ്ക്കുന്നതിന് വിപരീതമാണു വിധിഫലം!" ഏവം വിധങ്ങളായ ഓരോന്നും പുലമ്പികൊണ്ടു ഉമയിബാൻ കണ്ണീർ വാക്കാൻ തുടങ്ങി. അഹൊ! അനുരാഗത്തിൻെറ മാഹാത്മ്യം! പ്രജ്ഞയററുകിടന്നിരുന്ന ഇബ്ബാൻ—പൊടുന്നനവെ കണ്ണുതുറന്നു; തൻെറ പ്രേയസിയുടെമുഖത്തു ഒന്നു നോക്കി; അവ്യക്തസ്വരത്തിൽ "വെള്ള"മെന്നുച്ചരിച്ചു. സന്തോഷത്തോടുകൂടി ഉമയിബാൻ കുറെ ജലം തൻെറ ഭർത്താവിൻെറ വായിൽ ഒഴിച്ചുകൊടുത്തു.

ഇബ്ബാൻ.—"ഓമനേ! എനിയ്ക്കധികസമയത്തെ ശ്വാസമുണ്ടെന്നു തോന്നുന്നില്ല. എൻെറ രാജ്യത്തിനും മതത്തിനും വേണ്ടി പോർചെയ്തു ഈ നിലയെ പ്രാപിച്ചതുകൊണ്ടു എനിയ്ക്കുവളരെ സന്തോഷമെയുള്ളു. പ്രേയസി! നീ ഒരിക്കലും വ്യസനിക്കരുതു്. നിൻെറ കൃത്തവ്യത്തെ നീ ശരിയായി പാലിക്കുമെന്നു എനിയ്ക്കു നല്ല വിശ്വാസമുണ്ടു്. നമ്മളുടെ സഹോദരങ്ങളെ യുദ്ധത്തിൽ നീ കഴിയുന്നതും സഹായിക്കുമല്ലോ? തോമസാണ് എൻെറ ഘാതകൻ എന്നതു് നീ എപ്പോഴും സ്മരിക്കണം" ഇത്രയും പറഞ്ഞതിനുശേഷം ആ യുവസേനാധിപൻ- ആ സാരസപുത്രൻ- ആ ധൈര്യശാലി- ആ സഹനമൂത്തി, വീരസ്വർഗ്ഗം പ്രാപിച്ചു.

മാത്താണ്ഡദേവൻ അസ്താചലത്തെ പ്രാപിക്കാൻ പോകുന്നു. വാശിയോടുകൂടി ഇരുഭാഗക്കാരും ഘോരസമരത്തിൽ മുഴുകിയിരിക്കുന്നു. അശ്വങ്ങളുടെ കുളമ്പടിയിൽ നിന്നും പുറപ്പെടുന്ന പൊടിയാൽ സൈന്യങ്ങളെ വേർതിരിച്ചറിയാൻ പാടില്ലാത്ത വിധത്തിലായിരിക്കുന്നു. അതാ; ഒരു യുവതി പടച്ചട്ടയും ധരിച്ചു, സകലായുധങ്ങളാലാവൃതയായി അശ്വത്തെ യുദ്ധക്കളത്തിലേയ്ക്കു ത്വരിതഗമനം ചെയ്യിക്കുന്നു. നേരം രാത്രിആയി; മദോന്മത്തന്മാരായ റോമൻസൈന്യം പിന്തിരിയാൻ ഒരുക്കമില്ല. അറബികളുടെ "അല്ലാഹുഅക്ബർ" ധ്വനിയാൽ മാത്രം പരസ്പരം ഇരുഭാഗക്കാരും അറിയുന്നുണ്ടു്. യുദ്ധക്കളത്തിലാഗതയായ ഉമയിബാൻ ശത്രുക്കളെ പുരുഷന്മാരെ അതിശയിക്കുമാറു കൊന്നൊടുക്കുന്നു! ആ വീരവനിതയുടെ കരവാൾ പ്രയോഗത്താൽ ചത്തൊടുങ്ങുന്ന ശത്രുക്കളുടെ എണ്ണം വർദ്ധിച്ചുവരുന്നു. മുസ്‌ലിമിങ്ങൾ സ്വസഹോദരിയുടെ രണപാടവത്തെ പാത്തു ഉത്സാഹഭരിതരായി ശത്രുസംഹാരം ചെയ്തുമുന്നോട്ടുകേറുന്നു. ഉമയിബാൻെറ കരവാൾമിന്നൽ, രാത്രിയാണെങ്കിലും ഇടിമിന്നൽ സദൃശം പ്രശോഭിക്കുന്നു. ശത്രുസൈന്യം ഛിന്നഭിന്നമായി നാലുവശത്തേയ്ക്കും പ്രയാണം ചെയ്തുതുടങ്ങി. ക്രൂരതർ സദൃശമായ രാത്രി! ഉമയിബാൻ പെട്ടന്നവെ തൻെറ നയനങ്ങളെ കോട്ടമുകളിലേക്കു വ്യാപരിപ്പിച്ചു. സവ്വാഭരണഭൂഷിതനായ ഒരു ഗംഭീരപുരുഷൻ തൻെറ സൈന്യങ്ങളുടെ ദയനീയസ്ഥിതിഗതികളെ ഉററുസൂക്ഷിച്ചുകൊണ്ടു നില്ക്കുന്നതു് മുകളിലെ ദീപപ്രകാശത്താൽ ഉമയിബാൻ കണ്ടു. തൻെറ ഭർത്തൃഘാതകനായ തോമസ്‌രാജാവാണ് അതെന്ന് മനസ്സിലാക്കിയ അക്ഷണം, ആ അംഗനാരത്നം പരിതസ്ഥിതികൾ ആകെ വിസ്മരിച്ചു; തൻെറ ഹൃദയത്തെ ഏകാഗ്രമാക്കി കൈയുയത്തി ദൈവത്തോടെന്തോ പ്രാത്ഥിച്ചു. അനന്തരം ഒരു സായകം വില്ലിൽ തൊടുത്തിക്കൊണ്ടു തോമസ്സിൻെറ വലത്തു കണ്ണിനെ ലക്ഷ്യമാക്കി

# ശ്രീമതി വിശേഷാൽ പ്രതി ൧൯൩൬

"ബിസ്മില്ലാഹി" എന്ന ദൈവനാമോച്ചാരണത്തോടുകൂടി ഞാൻ വലിച്ചുവിട്ടു. ഹാ! എത്ര കൃത്യം! അസ്ത്രം വലം കണ്ണിൽതന്നെ കൊണ്ടുകേറിയപ്പോൾ, "അയ്യോ! ജനങ്ങളെ ഞാൻ ചത്തു; ഓടിവരുവിൻ" എന്നു ശബ്ദിച്ചു കൊണ്ടു തോമസു നിലം പതിച്ചു. അന്നത്തെ യുദ്ധം അങ്ങനെ അവസാനിച്ചു.

പൂർവ്വാധികം ക്രുദ്ധനായ ഹിറാക്ലിസ്സിന്റെ ഉപമന്ത്രിമാരിൽ ഒരുവനായ വർദാൻ (വറുഗീസു)ന്റെ നേതൃത്വത്തിൽ വീണ്ടും അറേബ്യ ആക്രമിക്കാൻ ഒരു സംഭവിച്ചു സേനയെ അയച്ചു. ഇരുകൂട്ടരും ഘോരസമരത്തിലേർപ്പെട്ടു. രാവിലെ ആരംഭിച്ചു രണം കൂടുതൽ ജയാപജയങ്ങൾ കൂടാതെ, രാത്രിവിശ്രമാർത്ഥം ഇരുകക്ഷികളും യോജിച്ചവസാനിപ്പിച്ചു. നേരം പുലർന്നു; ഖൗലത്തു തന്റെ പ്രിയസഹോദരനും, ഒരുവിദഗ്ദ്ധയോദ്ധാവുമായ സിറാറിനെ തങ്ങളുടെ കൂട്ടത്തിൽ അന്വേഷിച്ചതിൽ കാണാതെ, "സോദരാ!" എന്നു വിളിച്ചുകേഴാൻ തുടങ്ങി. ഖൗലത്തു:— "പ്രിയസോദരാ! ഞാൻ പ്രാണനിർവ്വിശേഷം സ്നേഹിക്കുന്ന അങ്ങു ഈ സാധുസഹോദരിയെ ത്യജിച്ചു എവിടെ പോയിമറഞ്ഞു? നമ്മളുടെ വന്ദ്യപിതാവിനെ അനുഗമിച്ചു, രാജ്യത്തിനും, മതത്തിനുംവേണ്ടി ശത്രുക്കളോടു പോർ ചെയ്തു അങ്ങു വീരസ്വർഗ്ഗം പ്രാപിച്ചോ? എങ്കിൽ ഞാൻ വ്യസനിക്കുന്നില്ല; അങ്ങു ശത്രുക്കളുടെ ബന്ധനത്തിൽ അകപ്പെട്ടു ദണ്ഡം അനുഭവിക്കുകയാണെങ്കിൽ, ഈ സഹോദരിയുടെ സിരകളിൽകൂടി വീരരക്തം ഒഴുകുന്നുണ്ടെങ്കിൽ ഭവാനെ ഞാൻ മോചിപ്പിക്കതന്നെ ചെയ്യും! അങ്ങു ഇപ്പോൾ ഏതു സ്ഥിതിയിലാണെന്നു ഞാൻ എങ്ങിനെ ധരിയ്ക്കും?; തീർച്ചയായും അതു അറിയുന്ന സന്ദർഭത്തിലേ ഇവളുടെ ഹൃദയം സ്വാസ്ഥ്യതയെ പ്രാപിക്കുകയുള്ളൂ."

അനന്തരം തന്റെ പ്രിയസഹജൻ മൃത്യുവിനു വശംവദനായെങ്കിൽ പ്രേതമെങ്കിലും കണ്ടുപിടിക്കണമെന്നുള്ള ആശയോടുകൂടി, പോർക്കളം മുഴുവൻ ഖൗലത്തു പരിശോധിച്ചു. ആ പ്രയത്നവും അസ്ഥാനത്തിലായി. ഖൗലത്തു ഭടന്മാരോടു സിറാറിന്റെ വിവരങ്ങളെപ്പറ്റി വല്ലതും അറിവുണ്ടോ എന്നാരാഞ്ഞു.

ഭടന്മാർ:— "ഭവതിയുടെ സഹോദരൻ ഉശിരോടുകൂടി ശത്രുസംഹാരം ചെയ്തു മുന്നോട്ടുഗമിക്കുന്നതു തലേദിവസം ഞങ്ങൾ കണ്ടു;" എന്നുള്ള മറുപടി ലഭിച്ചതല്ലാതെ പൂർണ്ണമായി ഒന്നും ഗ്രഹിക്കാൻ സാധിച്ചില്ല.

നേരം രണ്ടുനാഴിക പുലർന്നു; ഇരുഭാഗക്കാർ വീണ്ടും സമരത്തിലേർപ്പെട്ടു. അറബികൾ ശത്രുക്കളുടെ നേരേ നല്ലവണ്ണം ഒന്നു കണ്ണോടിച്ചു. അതാ! ഒരാൾ ദേഹമാസകലം കവചത്താൽ മറച്ചും, കണ്ണുകളുടെ സ്ഥാനത്തു രണ്ടു സുഷിരം മാത്രമുള്ള ഒരൊറയാൽ മുഖം മുഴുവൻ മൂടിയും, ശത്രുക്കളുടെ പുരോഭാഗത്തു തനിച്ചുനിന്നു യുദ്ധം ചെയ്യുന്നു. ആ വീരന്റെ ഒരുവെട്ടിൽ ശത്രുക്കൾ അഞ്ചും ആറും നിലം പതിക്കുന്നുണ്ടു്. രണശൂരനായ ഖാലിദും, ആ യോദ്ധാവിന്റെ സമരപാടവത്തെ വീക്ഷിച്ചത്ഭുതപ്പെട്ടു! തങ്ങളെ സഹായിക്കുന്ന ആൾ ആരാണെന്നറിയാതെ അറബികൾ ഓരോന്നു സംസാരിക്കുന്നു. ശത്രുക്കളാണെങ്കിലോ? തങ്ങളുടെ പുരോഭാഗത്തുനിന്നു ഏകാകിയായി സമരം ചെയ്യുന്ന വീരന്റെ രണവൈദഗ്ദ്ധ്യത്തെ വീക്ഷിച്ചു വിസ്മയിക്കുന്നു. ഖാലിദു വേഗം അദ്ദേഹത്തോടു സമീപിച്ചു അദ്ദേഹം ആരാണെന്നു ചോദിച്ചു. അതിനു യാതൊരു ഉത്തരവും ഖാലിദിനു ലഭിച്ചില്ല. ആവർത്തിച്ചാവർത്തിച്ചു ചോദിച്ചെങ്കിലും ഫലം മേൽപ്പടിതന്നെ. ഉടനെ ഖാലിദു:— (സഗൗരവം) "ഞാൻ സർവ്വസൈന്യാധിപനാണു്; നിങ്ങൾ ആരാണെന്നു പറയാൻ ഞാൻ അധികാരത്തോടുകൂടി ആജ്ഞാപിക്കുന്നു. അതിനും പ്രത്യുത്തരം പൂജ്യം. നബിയുടേയും, സർവ്വശക്തന്റേയും നാമ



ജവഹരിലാൽ കുഡുംബം.

മിസ്സസ്സ് കമലാനെഹ്രു, മിസ്സ് ഇന്ദിര, ജവഹരിലാൽ. ഈ വിശേഷാൽപ്രതി അച്ചടി നടന്നുകൊണ്ടിരിക്കുമ്പോൾ ഈ പ്രശസ്തകുടുംബം ജർമ്മനിയിൽ മിസ്സസ്സ് കമലാനെഹ്രുവിന്റെ സുഖക്കേടു സംബന്ധിച്ചു താമസിക്കുകയാണ്. ഏററവും ഒടുവിൽ കിട്ടിയ വാർത്തയനുസരിച്ചു മിസ്സസ്സ് നെഹ്രുവിന്റെ നില അത്യന്തം ഉൽകണ്ഠാകുലമാണെന്നറിയുന്നു.

# The Kindergarten, Trivandrum.

Mrs. S. K. George.

PERHAPS the new turn that educators in general and Indian educators in particular are looking for is already found in the Kindergarten system and the silent leaven of the little Kindergartens that are springing up here and there in Travancore will in time work a revolution that will make all education in the State more real and thoroughgoing. A thorough over-hauling of its Primary education is certainly what Travancore needs to make its education more satisfying than it is at present. Travancore can rightly boast of the number of schools and of the percentage of children attending them. But in education quality is as important as, if not far more important than quantity. And judged by its quality Primary education in Travancore fares badly indeed. And this will continue to be so, so long as the Travancore Education Department acts on the comfortable illusion that those who know little suffice to inform those who know less, that the master who is but a stage before the pupil can as well as another show him the way; nay that there may even be an advantage in the near approach between the minds of teacher and taught. Of all educational errors this is one of the greatest. Said a great teacher of the 19th century. "The approximation required between the minds of teacher and taught is not that of a common ignorance, but of mutual sympathy." It is that sympathy, that greater understanding of child nature and that patience and readiness to adopt ways and means to suit the child's understanding that trained Kindergartener brings to her work. And it is that sort of adoptation to the child's needs, of appreciation of his tastes and demands that the drab, uninviting, ill-equipped and worse-staffed primary schools of Travancore so poignantly lack.

As in so many pioneer efforts, it was personal need, which we knew was also a common need that turned our attention to the problem of child education. All parents in Travancore, who have tasted anything at least of the fruits of higher culture and who want to give their children a better education than they themselves had got will share our perplexity as to where to send our children for their early school. For primary schools being what they are in Travancore, only dull the intellects and deaden the interests of bright little children sent into them. It was therefore to be able the better to look after the education of my own children that I began to interest myself in child education. That opened to our minds the general need for better childrens' education in the land and it was to equip myself for service in that great cause that I went for a short course in Kindergarten methods at Colombo. Funds and circumstances did not allow my taking a full course. Nor was it my ambition so to equip myself as to be able to open a school in the metropolis of our state. Rather was it my intention, as it still is my dream, to make the benefits of this kind of education available to the children of the poorest among us.

But circumstances decided otherwise and we were led to Trivandrum challenged by the need and the scope for a Kindergarten in this premier city in Travancore we decided to open a school here. It might be deemed a presumptuous venture in view of our very limited resources and might be a case of fools rushing in where angels fear to tread; but as no angels appeared even to be hovering about we decided to settle down and launch our little experiment. It is about two years now since we opened our school and whatever its failings it has certainly demonstrated the need and the possibilities for such efforts and if it provokes bolder and better equipped ventures in the field ours will have justified itself. For there is scope and need for many more Kindergartens in Trivandrum. We have read that in the city of Moscow alone there are more than 200 Kindergartens, all started since the Revolution. Certainly Trivandrum needs more than one Kindergarten to serve its thousands of children and we should not rest till its benefits are shared in common by the children of the rich and poor alike.

That provokes me to refer to one feature of our school, a feature that we trust would be true of all efforts in the line. And that is its non-communal character, its freedom from any sectarian bias. We have on our rolls children of many communities and we have scrupulously avoided injecting any sectarian virus into them. There is very great danger in the present state of communal and religious feeling in our State of Kindergarten too being used to give unhealthy twists to the growing minds of children. If that is to be avoided it is necessary that the State should strictly control its organisation and development. The State should give its attention to the department of Child Education and get its best men and women to direct it. It should establish a first class training school of its own, wherefrom teachers will go out without the slightest motive or desire to use this service of the young as a means to serve their sectarian religious or communal interest.

But all this needs a determined policy, clear vision and definite plan on the part of the Government. It demands a readiness to spend on this

---

ത്തിൽ സത്യംചെയ്തുകൊണ്ടു ഖാലിദ് വീണ്ടും, അജ്ഞാതനാമാവായ ആ രണശൂരൻ ആരാണെന്നു പറയാനാവശ്യപ്പെട്ടു.

ഉടനെ ആ സമരനായകൻ:—"ഞാൻ ആരാണെന്നു പറഞ്ഞാൽ യുദ്ധത്തിൽ നിന്നു അങ്ങു എന്നെ ഒഴിക്കുകയില്ലെന്നു സത്യം ചെയ്താൽ പറയാം." ഖാലിദ് അപ്രകാരം സത്യം ചെയ്തു. ഉത്തരക്ഷണത്തിൽ ആ പടശാലി മൂടുപടം എടുത്തുമാററി. ഹാ ഏവക്കും അത്ഭുതാനന്ദങ്ങൾ ഉളവാകുമാറു അവിടെ പ്രത്യക്ഷപ്പെട്ടതു, സ്വസഹോദരനെ ശത്രുസംഘത്തിൽ അന്വേഷിച്ചുപുറപ്പെട്ട രണശൂരയായ "ഖൗലത്തു ബീഗം" ആയിരുന്നു. അനന്തരം ഘോരസമരത്താൽ അറബികൾ ശത്രുക്കളെ നിശ്ശേഷം പരാജയപ്പെടുത്തി. റോമൻ പാളയത്തിൽ പരിശോധിച്ചു ബന്ധനത്തിൽ കിടക്കുന്ന സിറാറിനെ അറബികൾ കണ്ടു സസന്തോഷം സ്വതന്ത്രനാക്കി.

അല്ലയോ മുസ്‌ലീം സഹോദരികളേ! മുസ്‌ലീം ചരിത്രത്തിൽ സ്വർണ്ണലിപികളാൽ രേഖപ്പെടുത്തി ഇന്നും പ്രശോഭിക്കുന്ന പൌരാണിക സാരസവനിതകളുടെ പിൻഗാമികളായ നമ്മുടെ ഇന്നത്തെ ദയനീയസ്ഥിതി എത്രഭയങ്കരം! ഭയങ്കരം!! ഭയങ്കരം!!!.